കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എടവണ്ണ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.51773/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.07-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

എടവണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :എടവണ്ണ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

**************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 22,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എം.എ.8/17

നം.കെ.എസ്.എ.എം.പി.എം5/1773/2017 തിയ്യതി:07-08-2017

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.08.2016 മുതൽ 13.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

----------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ.എസ്.ഷാജഹാൻ., ഡെപ്യൂട്ടി ഡയറക്ടർ

----------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14-07-2017 മുതൽ 24-07-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ.

| | |
|---|---|
| ശ്രീ. അബ്ദുൽ സത്താർ.സി.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റഷീദ്.വി | ഓഡിറ്റർ |
| ശ്രീമതി.ഷംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ.

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.റസിയ ബഷീർ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ഹുസൈൻ.എം.എ | 01.04.2016 മുതൽ 13.07.2016 വരെ |
| ശ്രീ.അവിസന്ന.പി (ചാർജ്ജ്) | 14.07.2016 മുതൽ 08.09.2016 വരെ |

| | |
|---|---|
| | 15.11.2016 മുതൽ 25.12.2016 വരെ |
| ശ്രീ.അബ്ദുസ്സലാം | 09.09.2016 മുതൽ 14.11.2016 വരെ |
| ശ്രീ.ഫാസിൽ ഷാ.ഐ | 26.12.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ഹുസൈൻ.എം.എ | 01.04.2016 മുതൽ 13.07.2016 വരെ |
| | ശ്രീ.അവിസന്ന.പി (ചാർജ്ജ്) | 14.07.2016 മുതൽ 08.09.2016 വരെ<br>15.11.2016 മുതൽ 25.12.2016 വരെ |
| | ശ്രീ.അബ്ദുസ്സലാം | 09.09.2016 മുതൽ 14.11.2016 വരെ |
| | ശ്രീ.ഫാസിൽ ഷാ.ഐ | 26.12.2016 മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.അവിസന്ന.പി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സജീഷ്.സി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സൂരജ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സുബ്രഹ്മണ്യൻ പാട്ടുകണ്ണി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശുഭ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. മൻസൂർ അലി | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുജാത മണിയിൽ | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ഡോ.കെ.നിസാർ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ. രാജേഷ്.കെ | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം.</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | വസ്തുനികുതി കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 4476/- രൂപ നഷ്ടം. | 2-1 | |
| 13 | കവറേജ് അധികരിച്ച് കൊണ്ടുള്ള കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു. | 2-2 | |
| 14 | വാർത്താവിനിമയ ഗോപുരങ്ങളുടെ നികുതി - 438264രൂപ കുടിശ്ശിക. | 2-3 | |
| 15 | സേവന ഉപനികുതി ചുമത്തിയിട്ടില്ല. | 2-4 | |
| 16 | ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ | 2-5 | |
| 17 | തൊഴിൽ നികുതി - വിവിധ അപാകതകൾ. | 2-6 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 18 | ആയുർവ്വേദ ആശുപത്രി: മരുന്നു വാങ്ങൽ- അപാകത | 3-1 | |
| 19 | ആശ്രയ - ചെലവഴിക്കാതെ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് തിരിച്ചടക്കേണ്ടതാണ്. | 3-2 | |
| 20 | കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കേണ്ടതാണ്. | 3-3 | |
| 21 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 3-4 | |
| 22 | പരിരക്ഷ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ. | 3-5 | |
| 23 | എടവണ്ണ ക്യാൻസർ സെന്ററിന് ഉപകരണങ്ങൾ | 3-6 | |

| | | | |
|---|---|---|---|
| | വാങ്ങൽ പദ്ധതി - മാനദണ്ഡങ്ങൾ പാലിച്ചില്ല. | | |
| 24 | കന്നുകുട്ടി പരിപാലനം - നിർവഹണത്തിലെ അപാകതകൾ. | 3-7 | |
| 25 | ഗ്രാമ സേവകേന്ദ്രങ്ങൾക്ക് വാങ്ങിയ ഫർണ്ണിച്ചറും ഉപകരണങ്ങളും വിനിയോഗിച്ചില്ല. | 3-8 | |
| 26 | ടാർ വാങ്ങൽ- വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല. | 3-9 | |
| 27 | ഇ-ടെണ്ടർ: ഫോറം വില പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയില്ല. | 3-10 | |
| 28 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന ലഭിച്ചിട്ടില്ല. | 3-11 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 03.03.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 28.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കിലെ അപാകതകൾ.

2016-17 വർഷത്തെ വരവ് ചെലവ് കണക്കുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1).2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 60 പ്രകാരം, ഓരോ മാസവും പത്താം തിയ്യതിക്കകം കഴിഞ്ഞ മാസത്തെ രശീത് ആന്റ് പേയ്മെന്റ് പത്രിക തയ്യാറാക്കി ധനകാര്യ കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഈ സമയപരിധി പാലിക്കുന്നില്ല.

2).2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58 (4) എ, ബി പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3).പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18648985 |
| വരവ് | 70943477 |
| ആകെ | 89592462 |
| ചെലവ് | 61798018 |
| നീക്കിയിരുപ്പ് | 27794444 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് (ലാപ്സ് ആയത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 0 | 16059336 | 16059336 | 13547026 | 2512310 | 84.36 % |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9203100 | 9203100 | 3884581 | 5318519 | 42.21 % |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 840420 | 840420 | 820000 | 20420 | 97.57 % |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 16233699 | 16233699 | 6507052 | 9726647 | 40.08 % |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 45381623 | 45381623 | 2608662 | 1772961 | 5.75 % |
| 13 -ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9005768 | 9005768 | 7906685 | 1099083 | 87.80 % |
| പെർഫോർമൻസ് ഗ്രാന്റ് (സെൻട്രൽ) | 0 | 4730478 | 4730478 | 3680774 | 1049704 | 77.81 % |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 435 | 132962650 | 13963085 | 13907560 | 55525 | 99.60% |
| ബി ഫണ്ട് | 0 | 52536620 | 52536620 | 52536620 | 0 | 100% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 223 | 88869565 | 142 | 45901831 | 0 | 81 | 63.67 % |

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5555465 | 8445648 | (+) 2890183 | (+) 52.02 % |
| നികുതിയേതര വരവുകൾ | 1130688 | 257379 | (+) 873309 | (+) 77.24 |
| മറ്റുവരവുകൾ | 376326 | 427422 | (+) 51096 | (+) 13.58 % |
| ആകെ | 7062479 | 9130449 | (+) 3814588 | (+)54.01 % |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 530520 | 601 |
| കർഷകതൊഴിലാളി പെൻഷൻ | 4560310 | 1639 |
| വിധവാപെൻഷൻ | 15881220 | 5234 |
| വാർദ്ധക്യകാലപെൻഷൻ | 25526095 | 7075 |
| വികലാംഗപെൻഷൻ | 5316655 | 1750 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 430820 | 145 |
| വിവാഹ ധനസഹായം | 270000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40,855/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യോഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ മെഡിക്കൽ ഓഫീസർ പ്രൊജക്ട് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല.

എഗ്രിമെന്റ് രജിസ്റ്റർ

അസിസ്റ്റന്റ് എഞ്ചിനീയർ എഴുതി സൂക്ഷിക്കുന്ന എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി രേഖപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2017 | 01.06.2017 മുതൽ 30.06.2017 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.06.2017 | 2012 - 13 മുതൽ 2016 - 17 വരെ | ലഭിച്ചിട്ടില്ല. |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 4476/- രൂപ നഷ്ടം.

100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 50 രൂപ / ച.മീ ആയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ശ്രീ.ഇല്ല്യാസ്.പി.പി, പാലപ്പറ്റ പുത്തൻ വീട്ടിൽ ഹൌസ്, തുവ്വക്കാട്, പന്നിപ്പാറ.പി.ഒ എന്നവരുടെ 592.45 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് വസ്തുനികുതി ചുമത്തി EP XV/88B, 88C, 88D, 88E, 88F, 88G, 88H എന്നിങ്ങനെ കെട്ടിടനമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ EP XV/88G, 88H എന്നീ കെട്ടിടങ്ങൾ 124 ച.മീ വിസ്തീർണ്ണമുള്ളവയാണ്. ഈ കെട്ടിടങ്ങൾക്ക് 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടങ്ങളുടെ നിരക്കിൽ (30 രൂപ / ച.മീ) വസ്തുനികുതി ചുമത്തിയതിലൂടെ 4476/- രൂപ ഗ്രാമപഞ്ചായത്തിന് വാർഷിക നഷ്ടം സംഭവിക്കുന്നുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | EP XV/88G, 88H |
| തറവിസ്തീർണ്ണം (124 * 2) | 248 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 50/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (248 * 50) | 12400 രൂപ |
| (-) ഇളവ് - 20 % (മേഖല - ത്രിതീയം ) | 2480 രൂപ |
| (+) വർദ്ധനവ് - ഇല്ല | 0 |
| ഈടാക്കേണ്ട വസ്തുനികുതി | 9920 രൂപ |

| | |
|---|---|
| ഈടാക്കിയ വസ്തുനികുതി (2828 * 2) | 5656 രൂപ. |
| ഈടാക്കിയതിൽ കുറവ് | 4264 രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (9920 * 5%) | 496 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് (142 * 2) | 284 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 212 രൂപ. |
| ആകെ നഷ്ടം (4264 + 212 ) | 4476 രൂപ. |

സഞ്ചയ സോഫ്റ്റ് വെയറിൽ തറവിസ്തീർണ്ണം 100 ച.മീറ്ററിൽ കൂടുതൽ രേഖപ്പെടുത്തിയാലും 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റെ നിരക്കിൽ നികുതി നിർണ്ണയിക്കാൻ സാധിക്കുന്നു എന്നുള്ളത് ഐ.കെ.എമ്മിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതും വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് സഞ്ചയ, അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകളിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുമാണ്. നഷ്ടതുകയായ 4476 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.11/21.07.2017 – മറുപടി ലഭ്യമാക്കിയിട്ടില്ല)

## 2-2 കവറേജ് അധികരിച്ച് കൊണ്ടുള്ള കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു.

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 35 പ്രകാരം, കാറ്റഗറി II ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന വാണിജ്യകെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ്, പരമാവധി 55 ആണ്. (ടേബിൾ 2, ക്രമനമ്പർ 7). എന്നാൽ എടവണ്ണ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ അനുവദനീയ കവറേജ് അധികരിച്ചുകൊണ്ട് നിർമ്മിച്ചിട്ടുള്ള വാണിജ്യകെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമയുടെ പേരും വിലാസവും. | അബൂബക്കർ ഹാജി മുതൽ പേർ, മീതലെതയുള്ളത്തിൽ ഹൗസ്, പാറക്കടവ്.പി.ഒ, വടകര |
| പെർമിറ്റ് നമ്പർ / തിയ്യതി. | 34/2016-17 തിയ്യതി : 15.07.2016 |
| പ്ലോട്ട് ഏരിയ | 1564 ച.മീ |
| പ്ലിന്ത് ഏരിയ | സെല്ലാർ ഫ്ലോർ - 893.47 ച.മീ.<br>ഗ്രൗണ്ട് ഫ്ലോർ - 880.56 ച.മീ.<br>ഫസ്റ്റ് ഫ്ലോർ - 851.22 ച.മീ.<br>സെക്കന്റ് ഫ്ലോർ - 851.22 ച.മീ.<br>തേർഡ് ഫ്ലോർ - 851.22 ച.മീ.<br>സ്റ്റെയർ റൂം - 51.41 ച.മീ<br>ആകെ - 4379.10 ച.മീ. |
| കവറേജ് % | ഏതൊരു നിലയിലേയും പരമാവധി നിർമ്മിതി വിസ്തീർണ്ണം / പ്ലോട്ട് വിസ്തീർണ്ണം.<br>= 893.47/1564 * 100 = 57.12 % |

പ്ലാനിൽ പ്ലോട്ട് ഏരിയ 1537 എന്നും കവറേജ് 48.12% എന്നും FAR 1.74 എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കാറ്റഗറി II ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന വാണിജ്യകെട്ടിടങ്ങൾക്ക് അധിക ഫീസില്ലാതെ അനുവദനീയമായ FAR, പരമാവധി 1.75 ആണ്. ഫ്ലോർ ഏരിയ കാൽക്കുലേഷൻ ഷീറ്റ്, പ്ലാനിന്റെ

കൂടെ ഇല്ലാത്തതിനാൽ ഫ്ലോർ ഏരിയ കണക്കാക്കിയത് ശരിയാണോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഫ്ലോർ ഏരിയ നിർണ്ണയം പുനപരിശോധിക്കേണ്ടതും FAR അധികരിച്ചിട്ടുണ്ടെങ്കിൽ അധിക ഫീസ് ഈടാക്കേണ്ടതുമാണ്.

അനുവദനീയമായ കവറേജ് മറികടന്നുകൊണ്ടുള്ള കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.07/21.07.2017– മറുപടി ലഭ്യമാക്കിയിട്ടില്ല)

## 2-3 വാർത്താവിനിമയ ഗോപുരങ്ങളുടെ നികുതി - 438264രൂപ കുടിശ്ശിക.

ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013-14 മുതൽ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വർഷം | അസസ് ചെയ്ത വാർഷിക നികുതി (ഗ്രന്ഥശാലാ വരി ഉൾപ്പെടെ) | ആകെ കുടിശ്ശിക തുക |
|---|---|---|---|---|
| 1 | EP 1/18 A | 2013-14മുതൽ 2016-17 വരെ | 12448 | 49792 |
| 2 | EP 1/18 B | 2013-14മുതൽ 2016-17 വരെ | 348 | 1392 |
| 3 | EP V/17 A | 2013-14മുതൽ 2016-17 വരെ | 11319 | 45276 |
| 4 | EP V/17 B | 2013-14മുതൽ 2016-17 വരെ | 971 | 3884 |
| 5 | EP VI/ 576 | 2013-14മുതൽ 2016-17 വരെ | 13598 | 54392 |
| 6 | EP VIII/72 | 2013-14മുതൽ 2016-17 വരെ | 2573 | 10292 |
| 7 | EP IX/144 A | 2013-14മുതൽ 2016-17 വരെ | 12863 | 51452 |
| 8 | EP XI/636 I | 2013-14മുതൽ 2016-17 വരെ | 5250 | 21000 |
| 9 | EP XII/85 A | 2013-14മുതൽ 2016-17 വരെ | 9450 | 37800 |
| 10 | EP XV/287 | 2013-14മുതൽ 2016-17 വരെ | 17010 | 68040 |
| 11 | EP XVII/446 | 2013-14മുതൽ 2016-17 വരെ | 2573 | 10292 |
| 12 | EPXVIII/597F | 2013-14മുതൽ 2016-17 വരെ | 4620 | 18480 |
| 13 | EP XX/219 A | 2013-14മുതൽ | 7551 | 30204 |

| | | | | |
|---|---|---|---|---|
| | | 2016-17 വരെ | | |
| 14 | EP XXII/136 B | 2013-14മുതൽ 2016-17 വരെ | 487 | 1948 |
| 15 | EP X/1048 | 2013-14മുതൽ 2016-17 വരെ | 8505 | 34020 |
| ആകെ | | | 109566 | 438264 |

ഗ്രാമപഞ്ചായത്ത് ഡിമാന്റ്, അരിയർ ഡിമാന്റ് നോട്ടീസുകൾ 20.06.2017 ന് നൽകിയിട്ടുണ്ട്. കുടിശ്ശിക തുക കാലാഹരണപ്പെടുന്നതിന് മുമ്പ് പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ.13/21.07.2017) ക്ക് തുടർനടപടി സ്വീകരിക്കുമെന്ന് അറിയിച്ചു

## 2-4 സേവന ഉപനികുതി ചുമത്തിയിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 26,27 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ശുചിത്വ പരിപാലനം | വസ്തുനികുതിയുടെ 4% ൽ കുറയാത്ത തുക |
| ജലവിതരണം | വസ്തുനികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവുവിളക്കുകൾ | വസ്തുനികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തുനികുതിയുടെ 1% ൽ കുറയാത്ത തുക |

എന്നാൽ എടവണ്ണ ഗ്രാമപഞ്ചായത്ത് സേവന ഉപനികുതിയുടെ സാധ്യത നാളിത് വരെ പരിഗണിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിക്കുന്നതിനോടൊപ്പം പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്താനും സേവന ഉപനികുതി നടപ്പിലാക്കുന്നതിലൂടെ സാധിക്കും. സേവന ഉപനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.20/22.07.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-5 ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ

1). ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ 708 സ്ഥാപനങ്ങളും, 2016-17സാമ്പത്തിക വർഷത്തിൽ 823 സ്ഥാപനങ്ങളുമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 13ന് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

2).റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 16 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം 13ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. 2015-16 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-2 പ്രകാരം, 2016-17 മുതൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകാനും, തൊഴിൽ നികുതി ഈടാക്കാനും ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇക്കാര്യത്തിൽ ഇന്നേ വരെ യാതൊരു നടപടികളും സ്വീകരിക്കാത്തത് ആശാസ്യകരമല്ല. റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി - വിവിധ അപാകതകൾ.

1).WP(C) No.16670/06 നമ്പർ കേസിന്റെ അന്തിമവിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും BSNL സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന BSNL സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2).ഒതായി മാവേലി സ്റ്റോറിലെ ജിവനക്കാരുടെയും, സ്ഥാപനത്തിന്റെയും ആദ്യ അർദ്ധവർഷത്തിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

3).1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം-13 പ്രകാരം സെക്രട്ടറിക്ക് ഓരോ കെട്ടിടവും വാടകക്ക് നൽകിയ ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം വാടകക്ക് നൽകിയിട്ടുള്ളത് ഏത് ഉപയോഗത്തിനാണ് എന്നും കൈവശക്കാരൻ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കാൻ ബാധ്യസ്ഥരാണോയെന്നും ആവശ്യപ്പെടാവുന്നതാണെന്നും വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപനനികുതിയും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആയുർവ്വേദ ആശുപത്രി: മരുന്നു വാങ്ങൽ- അപാകത

പ്രൊജക്റ്റ് നം. 34/17 : ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

ബിൽ നം.1/2016-17/7-1-17 Rs. 6,00,000

ബിൽ നം.2/2016-17/7-1-17 Rs. 1,38,200

1. ഈ പ്രൊജക്റ്റ് പ്രകാരം ഔഷധിയിൽ നിന്നും മരുന്നു വാങ്ങുന്നതിനായി 7,38,200 മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്തും ടി തുകയ്ക്കുള്ള മുഴുവൻ മരുന്നുകൾ ലഭിച്ചിട്ടില്ല. ഓഡിറ്റ് തിയ്യതി വരെ ഗഡുക്കളായി 6,58,476 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 79,724രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ട്.

ഗഡുക്കളായി മരുന്നുകൾ ലഭിക്കുന്നതിനാൽ, ആകെ നല്കിയ മുൻകൂർ, ഇൻവോയ്സ് പ്രകാരം ക്രമീകരിച്ചത്, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ഇൻവോയ്സുകളുടെ ഓഫീസ് കോപ്പിയിൽ രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതും, 79,724 രൂപയുടെ മരുന്നുകൾ ലഭിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. മുഴുവൻ മരുന്നുകളും ലഭിക്കുന്നതിനു മുമ്പേ, വിനിയോഗ സാക്ഷ്യപത്രത്തിൽ തുക മുഴുവനായും വിനിയോഗിച്ചു എന്നു കാണിച്ചതും ക്രമത്തിലല്ല. പ്രതിമാസ വിനിയോഗ സാക്ഷ്യപത്രത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

3. ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്തത് പ്രത്യേകമായ ഒരു സ്റ്റോക്ക് രജിസ്റ്ററിലാണ്. ജില്ലാ മെഡിക്കൽ

ഓഫീസറുടെ ലഭ്യതാ രഹിത സാക്ഷ്യപത്രംത്തിന്റെ അടിസ്ഥാനത്തിൽ, ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിയിൽ വാങ്ങുന്ന മരുന്നുകൾ വേറിട്ടു സ്റ്റോക്കിലെടുക്കാതെ, മെയിൻ സ്റ്റോക്കിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്.

മുൻകൂർ ക്രമീകരിച്ച വിവരം അറിയിക്കുന്നതു വരെ 79,724 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

(അപാകതകൾ പരിഹരിക്കേണ്ടതാണ് എന്നറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ, മരുന്നുകൾ മുഴുവനായി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുമെന്നും, അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്.)

## 3-2 ആശ്രയ - ചെലവഴിക്കാതെ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് തിരിച്ചടക്കേണ്ടതാണ്.

വൗച്ചർ നമ്പർ 21600594/17.12.16 പ്രകാരം വികസനഫണ്ട് 1000000 രൂപ ആശ്രയ പദ്ധതിക്കായി കുടുംബശ്രീക്കു നൽകുകയും തുക കനറ ബേങ്കിലെ ആശ്രയ അക്കൗണ്ടിൽ വരവ് വെക്കുകയും ചെയ്തു. ഇതിൽ 324000 രൂപ മാത്രമേ ഇത് വരെ ചെലവഴിച്ചിട്ടൊള്ളൂ. 2014-2017 കാലത്തേക്കുള്ള ആശ്രയ രണ്ടാംഘട്ട പ്രൊജക്റ്റിന്റെ കാലാവധിക്ക്ശേഷവും കുടുംബശ്രീ ആശ്രയ അക്കൗണ്ടിൽ 776871 രൂപ ബാലൻസുണ്ട്. ചെലവഴിക്കാതെ ആശ്രയ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പ്ലാൻഫണ്ട് ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്.

## 3-3 കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കേണ്ടതാണ്.

സ.ഉ.(സാ)നം.1275/2009/തസ്വഭവ.30.5.09— മാർഗ്ഗരേഖ പ്രകാരം, കുടിവെള്ള പദ്ധതികൾ,പണി പൂർത്തിയാക്കി,പ്രവർത്തനക്ഷമമാണെന്നുറപ്പ് വരുത്തി, ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കണമെന്നും,തുടർന്നുള്ള നടത്തിപ്പും, സംരക്ഷണവും, പമ്പ് ഓപ്പറേറ്ററുടെ വേതനം, വൈദ്യുതിചാർജ്ജ് തുടങ്ങിയ ചെലവുകളും, സമിതി വഹിക്കണമെന്നും, വ്യക്തമാക്കിയിട്ടുണ്ട്. കുടിവെള്ളപദ്ധതി, കമ്മറ്റി ഏറ്റെടുത്ത് നടത്താൻ തയ്യാറായില്ലെങ്കിൽ, പഞ്ചായത്ത് ഏറ്റെടുത്ത് നടത്തണമെന്നും,വാട്ടർ ചാർജ് പിരിക്കണമെന്നും ആവശ്യമാണെങ്കിൽ വെള്ളക്കരനിരക്ക് പരിഷ്കരിക്കാവുന്നതാണെന്നും മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. 2016-17-ൽ എടവണ്ണ കുടിവെള്ളപദ്ധതിക്കായി താഴെപ്പറയും പ്രകാരം വിവിധ വൗച്ചറുകളിലായി ചെലവു നടത്തിയിട്ടുണ്ട്.

| | |
|---|---|
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 194400 |
| വൈദ്യുതിചാർജ് | 502339 |
| റിപ്പയർ ചാർജസ് | 22055 |
| മീറ്റർ റീഡറുടെ വേതനം | 76500 |
| മോട്ടോർ സ്ഥാപിച്ചതിന്റെ ചെലവ് | 98611 |
| ആകെ | 893905 |

ഏകദേശം 460 ഗുണഭോക്താക്കളുള്ള പദ്ധതിയിൽ 2016-17 -ൽ വാട്ടർ ചാർജ് ഇനത്തിൽ 220595 രൂപയാണ് പിരിച്ചെടുത്തത്.അതായത് ഒരു ഗുണഭോക്താവിൽനിന്നും ഒരു മാസം ശരാശരി 40 രൂപയിൽ താഴെയാണ് ഈടാക്കുന്നത്. കുടിവെള്ള പദ്ധതിയുടെ ദൈനംദിന നടത്തിപ്പ് ചെലവ് പോലും ഗുണഭോക്താക്കളിൽനിന്നു ഈടാക്കാതെ പദ്ധതി ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്നത് മുകളിൽ പരാമർശിച്ച സർക്കാർ ഉത്തരവിന്റെ അന്തസത്തക്ക് യോജിച്ചതല്ല. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുകയോ ചെലവു തുകക്ക് അനുസൃതമായ വാട്ടർ ചാർജ് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S 0032/17 |
| വിനിയോഗിച്ച തുക | 1,00,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 11/16-17 തിയ്യതി. 28.02.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ചാത്തല്ലൂർ |

പദ്ധതി പ്രകാരം 1,00,000 രൂപ പി എച്ച് സി യിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി നിലമ്പൂർ കാരുണ്യാ ഫാർമസിക്ക് നൽകിയിട്ടുണ്ട് . എന്നാൽ മരുന്നുകൾ ഇത് വരെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക്, ഇഷ്യൂവിവരങ്ങൾ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മുഴുവൻ മരുന്നുകളും ലഭിക്കുന്നതിന് മുമ്പേ വിനിയോഗ സാക്ഷ്യപത്രത്തിൽ തുക മുഴുവനായും വിനിയോഗിച്ചു എന്ന് കാണിച്ചതും ക്രമത്തിലല്ല. വിനിയോഗ സാക്ഷ്യപത്രത്തിൽ ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്തിന്റെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.10/21.07.2017– മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-5 പരിരക്ഷ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ.

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | S 0031/17 | |
| വിനിയോഗിച്ച തുക | 5,74,787/- രൂപ | |
| ബിൽ നമ്പർ / തിയ്യതി | 01/16-17 / 01.10.2017 | 60,000/- രൂപ. |
| | 03/16-17 / 21.10.2016 | 94,720/- രൂപ. |
| | 04/16-17 / 22.11.2016 | 29,650/- രൂപ. |
| | 05/16-17 / 22.12.2016 | 29,040/- രൂപ. |
| | 09/16-17 / 24.01.2017 | 28,400/- രൂപ. |
| | 12/16-17 / 28.02.2017 | 2,28,960/- രൂപ. |
| | 13/16-17 / 28.02.2017 | 49,215/- രൂപ. |
| | 17/16-17 / 31.03.2017 | 54,800/- രൂപ. |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി ചാത്തല്ലൂർ |

പരിരക്ഷാപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്ക് മരുന്നുവാങ്ങൽ, പരിരക്ഷാ നേഴ്സിന്റെ ശമ്പളം, വാഹനവാടക, പരിരക്ഷാനേഴ്സിന്റെ ഫോൺ അലവൻസ്, എന്നീ ഇനങ്ങളിലാണ് പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത് . ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1).ബിൽ നം.12/16-17 / 28.02.2017 പ്രകാരം 2,00,000/- രൂപ മരുന്നുവാങ്ങുന്നതിനായി നിലമ്പൂർ കാരുണ്യാ ഫാർമസിക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായതിന്റെ വിവരം, മരുന്നിന്റെ സ്റ്റോക്ക്, ഇഷ്യൂ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മുഴുവൻ മരുന്നുകളും ലഭിക്കുന്നതിന് മുമ്പേ വിനിയോഗ സാക്ഷ്യപത്രത്തിൽ തുക മുഴുവനായും വിനിയോഗിച്ചു എന്ന് കാണിച്ചതും ക്രമത്തിലല്ല. വിനിയോഗ സാക്ഷ്യപത്രത്തിൽ ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്തിന്റെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്. മരുന്ന് ലഭിക്കുന്നത് വരെ ചെലവ് തുക 2,00,000/- രൂപ തടസ്സം ചെയ്യുന്നു.

2).പാലിയേറ്റീവ് പരിചരണത്തിനായി പരമാവധി ദിവസ വാടക നിരക്കിന്റെ പരിധിക്ക് വിധേയമായി വാഹനം ദിവസ വാടകക്ക് എടുക്കാവുന്നതാണെങ്കിലും 45 കിലോമീറ്ററിന് മുകളിൽ ഓടുന്ന വാഹനത്തിന് പരമാവധി അനുവദിക്കാവുന്ന ദിവസ വാടക 1100/- രൂപ മാത്രമാണ്. ഈ ഇനത്തിൽ 1250 രൂപ വെച്ചാണ് ചെലവഴിച്ചിട്ടുള്ളത്. ഈ ഇനത്തിൽ മാത്രം 2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ 131 ദിവസത്തെ വാടകയായി 1,63,750 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 1,44,100 രൂപ മാത്രമാണ് (131*1100) ഈ ഇനത്തിൽ ചെലവഴിക്കാവുന്നത്. ഇപ്രകാരം 19,650/- രൂപ അധികച്ചെലവ് വന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ കാൻസർ രോഗികൾ, ശരീരം തളർന്നു കിടപ്പിലായ രോഗികൾ, ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമുള്ള രോഗികൾ തുടങ്ങി അവശത അനുഭവിക്കുന്ന രോഗികളുടെ ശാരീരികവും, മാനസികവും, സാമ്പത്തികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുവാൻ വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി, അനാവശ്യ ചെലവുകൾ ഒഴിവാക്കി, പൊതുസമൂഹത്തിന്റെ പരമാവധി പിന്തുണയോടെ കാര്യക്ഷമമായി നടപ്പിലാക്കുവാൻ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.09/21.07.2017- മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-6 <u>എടവണ്ണ ക്യാൻസർ സെന്ററിന് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി - മാനദണ്ഡങ്ങൾ പാലിച്ചില്ല.</u>

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | S 0229/17 | |
| വിനിയോഗിച്ച തുക | 30,00,000/- രൂപ | |
| ബിൽ നമ്പർ / തിയ്യതി | 15/16-17തിയ്യതി. 24.03.2017 | 28,80,479/- രൂപ.<br>(ലോകബാങ്ക് സഹായം) |
| | 16/16-17തിയ്യതി. 24.03.2017 | 1,19,521/- രൂപ.<br>(വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ചാത്തല്ലൂർ | |

എടവണ്ണ സി.എച്ച്.സി യിൽ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 1,00,00,000/- രൂപ (19.02.2016 ലെ ജി.ഒ (ആർ.ടി) നമ്പർ.692/തസ്വഭവ) ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിൽ ആരംഭിക്കുന്ന ഏർലി ക്യാൻസർ ഡിറ്റക്ഷൻ സെന്ററിലേക്ക് അത്യാധുനിക മെഡിക്കൽ

ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ "എടവണ്ണ ക്യാൻസർ സെന്ററിന് ഉപകരണങ്ങൾ വാങ്ങൽ" എന്ന പദ്ധതിക്ക് ഡി.പി.സി അംഗീകാരം നൽകുകയുണ്ടായി. ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്.

അത്യന്തം നൂതന ബയോ മെഡിക്കൽ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്യാൻസർ നിർണ്ണയ ഉപകരണങ്ങളാണ് വാങ്ങേണ്ടത് എന്നും മെഡിക്കൽ ഓഫീസർ, ഓങ്കോളജിസ്റ്റ് എന്നീ തസ്തികയിലുള്ള ഉദ്യോഗസ്ഥന് മാത്രമേ ഇത്തരം ഉപകരണങ്ങൾ പ്രദേശത്തിന്റെയും, സ്ഥാപനത്തിന്റേയും ആവശ്യാനുസരണം യുക്തമായി തെരെഞ്ഞെടുക്കാൻ സാധിക്കുകയുള്ളൂ എന്നതിന്റെയും അടിസ്ഥാനത്തിൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) യെ ചുമതലപ്പെടുത്താനും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഉപകരണങ്ങൾ വാങ്ങി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് കൈമാറുന്നതിനും ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. (13.02.2017 ലെ 1(3) നമ്പർ തീരുമാനം). ഇത് പ്രകാരം പുതുക്കിയ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. ആയത് പ്രകാരം മെഡിക്കൽ ഓഫീസർ 24.03.2017 ന് താഴെ പറയുന്ന ഉപകരണങ്ങളുടെ വിലയായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് 30 ലക്ഷം രൂപ (അക്കൗണ്ട് നമ്പർ.3624001800000037, പഞ്ചാബ് നാഷണൽ ബാങ്ക്) ട്രാൻസ്ഫർ ചെയ്യുകയും, തുക കൈപ്പറ്റിയതായി സ്ഥാപനം രശീതി നൽകുകയും ചെയ്തിട്ടുണ്ട്.

| Sl.No | Equipment Name | Cost |
|---|---|---|
| 1 | X ray Machine 30 KW with Floating Table | 8,33,076.00 |
| 2 | Computerised Radiography Model B | 13,60,937.00 |
| 3 | Hematology Analyser | 2,41,440.00 |
| 4 | Biosafety cabinet 3 Feet | 4,00,000.00 |
| 5 | Instruments | 1,64,547.00 |

ക്യാൻസർ രോഗ നിർണ്ണയത്തിനും, ചികിത്സക്കും സമീപപ്രദേശത്ത് തന്നെയുള്ള സർക്കാർ സ്ഥാപനത്തിൽ സൗകര്യമൊരുക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിയ ഈ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1).പഞ്ചായത്ത് രാജ് ആക്ടിലെ പട്ടിക 3 ൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും, കൂടാതെ സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചതുമായ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടി ആയിരിക്കണം പ്രൊജക്ടുകൾ തയ്യാറാക്കേണ്ടത്. സി.എച്ച്.സി കൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുള്ള സ്ഥാപനമാണ്. എടവണ്ണ സി.എച്ച്.സി യിൽ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

2).ഉപകരണങ്ങൾ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3).കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടതിന്റെയും, ഗ്യാരണ്ടി കാലയളവ് സംബന്ധിച്ചുള്ള വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

4).ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.02.2017 ലെ എൽ.ബി.3-52394/16 പ്രകാരം അനുമതി ലഭിച്ച ഈ സ്ഥാപനത്തിലേക്ക്, ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ ജീവനക്കാരെ നിയമിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5).ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, ജീവനക്കാരേയും ഒരുക്കാതെ ഉപകരണങ്ങൾ വാങ്ങുന്നത് മൂലം ഗ്യാരണ്ടി കാലയളവ് കഴിഞ്ഞ് അവ നിഷ്ക്രിയ ആസ്തിയായി മാറുന്നതിന് കാരണമാകും. ലക്ഷങ്ങൾ വിലമതിക്കുന്ന ഉപകരണങ്ങൾ ഉപയോഗശൂന്യമാവാതെ, സ്ഥാപനം പ്രവർത്തനം

ആരംഭിക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് പ്രവർത്തന പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.15/22.07.2017– മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-7 കന്നുകുട്ടി പരിപാലനം - നിർവഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S 0045/17 |
| പ്രൊജക്റ്റിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| വിനിയോഗിച്ച തുക | 2,50,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 1/16-17 തിയ്യതി. 23.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, എടവണ്ണ |
| ബിൽ നം.1/16-17 / 23.03.2017 | 2,50,000/- രൂപ. |

ഇൻഷ്വർ ചെയ്ത 40 കന്നുകുട്ടികൾക്ക് പദ്ധതിയുടെ ഗ്രാമ പഞ്ചായത്ത് വിഹിതം (@ 6250) ജില്ലാ മൃഗ സംരക്ഷണ ഓഫീസറായ ഡെപ്യൂട്ടി ഡയരക്ടർക്ക് നല്കിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിനു രസീതിയോ, ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല.

20.01.2001 ലെ GO (MS)11/2001/AHD നമ്പർ ഉത്തരവ് പ്രകാരം നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്ക് ജി.ഒ.(എം.എസ്) 183/2007/തസ്വഭവ. തി.24-7-2007 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ അടിസ്ഥാനത്തിലുള്ള ഭേദഗതിയിൽ, ഈ പദ്ധതിയ്ക്കുള്ള സബ്സിഡിയുടെ സംസ്ഥാന വിഹിതം ആദ്യം നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന് നൽകേണ്ടതും, അപ്രകാരം തുക നല്കിയ വിവരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനു ശേഷമാണ് തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതെന്നും തുടർന്ന് നിർദേശമുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി പ്രൊജക്റ്റിൽ വകയിരുത്തിയ മൊത്തം തുക മുൻകൂറായി പിൻവലിച്ചതും, ഈ പദ്ധതിയുടെ നിർവഹണത്തിലെ ഒരംഗമല്ലാത്ത ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയതും ക്രമത്തിലല്ല. ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.19/22.07.2017– മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-8 ഗ്രാമ സേവകേന്ദ്രങ്ങൾക്ക് വാങ്ങിയ ഫർണ്ണിച്ചറും ഉപകരണങ്ങളും വിനിയോഗിച്ചില്ല.

ഗ്രാമ സേവകേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചറും ഉപകരണങ്ങളും വാങ്ങുന്നതിനു വേണ്ടി തയ്യാറാക്കിയ 50/17 നമ്പർ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനായി വൗച്ചർ നമ്പർ 1026/29.3.2017 പ്രകാരം 1099991 രൂപ വികസനഫണ്ട് ചെലവഴിച്ച് സിഡ്കോയിൽനിന്നും താഴെ പറയുന്ന ഇനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| പേഴ്സണൽ കമ്പ്യൂട്ടർ | 22 |
| യു.പി.എസ് | 22 |
| പ്രിന്റർ | 22 |
| ഫൈബർ ചെയർ | 44 |
| സ്റ്റീൽ മേശ | 22 |
| ക്യൂഷൻ ചെയർ | 22 |

ഇത് സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/20.7.17 ന്ന മറുപടി നൽകിയിട്ടില്ല.

1. ആകെ 5 മെമ്പർമാർ ഉപകരണങ്ങൾ കൈപറ്റിയതായി കാണുന്നു. ബാക്കി ഉപകരണങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കേണ്ടതാണ്.

2. ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണ്. മെമ്പർമാർക്ക് വിതരണം ചെയ്യുന്നതിന്ന മുമ്പ് അവ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇനിയും വിതരണം ചെയ്യാത്തവ സിഡ്കോയിൽനിന്നും ആരെങ്കിലും കൈപറ്റിയിട്ടുണ്ടങ്കിൽ ആ വിവരം അറിയിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിന്റെ ഏതൊക്കെ വാർഡുകളിൽ ഗ്രാമ സേവകേന്ദ്രങ്ങൾക്ക് വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കാനാവശ്യമായ ഭൗതികസൗകര്യങ്ങൾ ഉണ്ട് എന്നറിയിക്കേണ്ടതാണ്.

4. സ്വന്തം ഉൽപന്നമല്ലാത്ത കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ സിഡ്കോയിൽനിന്ന പർച്ചേസ് നടപടികൾ പാലിക്കാതെ വാങ്ങിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

വിതരണം ചെയ്യാതെ അവശേഷിക്കുന്ന ഉപകരണങ്ങൾ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഇവ നിഷ്ക്രിയ ആസ്തികളായി കിടക്കുന്നു എന്നതിന്ന പുറമെ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഇത്‌വരെയും ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തിപ്പിക്കാത്തത് അവയുടെ പ്രവർത്തനക്ഷമത, ഗാരണ്ടി എന്നിവയെ ബാധിക്കുന്നു. എന്നതിനാൽ ഈ വിഷയത്തിൽ സത്വര നടപടി സ്വീകരിച്ച് ഓഡിറ്റിനെ തുടർ നടപടി വിവരമ അറിയിക്കേണ്ടതാണ്.

## 3-9 ടാർ വാങ്ങൽ- വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല.

| | |
|---|---|
| ബിൽ നം. 44/16-17/30-3-17. | Rs.15,80,820 |
| ചെക്ക് നം. 3733114/17-3-17. | Rs.25,797 |
| ആകെ | 16,06,617 |

2016-17 വർഷത്തിൽ എടവണ്ണ ഗ്രാമ പഞ്ചായത്ത് 27 പ്രവൃത്തികൾക്കായി ടാർ വാങ്ങുന്നതിനായി സെക്രട്ടറിക്ക് നല്കിയിട്ടുണ്ട്. (10-2-17 ലെ 75/ഡി.എ.1/2017. ത.സ്വ.ഭ.വ. നമ്പർ സർക്കുലർ, 27-2-17 ലെ 114/ഡി.എ.1/2017. ത.സ്വ.ഭ.വ. നമ്പർ സർക്കുലർ എന്നിവ പ്രകാരം). Hindustan Petroleum Corporation ന്റെ 21-3-17 ലെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം, 280 ബാരൽ (@161.8Kg) ടാറിന് 15,67,540 രൂപയുടെ ഇൻവോയ്സ് ഫയലിൽ കാണുന്നു. എന്നാൽ ടാർ ലഭ്യമായതിന്റെയോ, സ്റ്റോക്കിലെടുത്തതിന്റെയോ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. പഞ്ചായത്ത് മുറ്റത്ത് കുറെ ബാരലുകൾ കാണുന്നുണ്ടെങ്കിലും, അവയിൽ സ്റ്റോക്കിലെടുത്തതിന്റെ യാതൊരു മുദ്രയും കാണുന്നില്ല. പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററെന്ന പേരിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ചെക്ക് / ഡ്രാഫ്റ്റ് രജിസ്റ്ററിലും വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ, വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിലും ഇതു സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല.

സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വ്യക്തമായ രേഖകൾ ലഭ്യമാക്കുന്നതു വരെ 16,06,617രൂപ തടസ്സം ചെയ്യുന്നു.

## 3-10 ഇ-ടെണ്ടർ: ഫോറം വില പഞ്ചായത്തു ഫണ്ടിൽ വരവു വച്ച വിവരം ലഭ്യമാക്കിയില്ല.

2016-17 വർഷത്തിൽ എടവണ്ണ ഗ്രാമ പഞ്ചായത്ത് 4 പ്രവൃത്തികൾ E-Tender ചെയ്തിട്ടുണ്ട്. ഇവയുടെ ടെണ്ടർ ഫോറം വിലയും സെക്യൂരിറ്റി ഡെപ്പോസിറ്റുകളും പഞ്ചായത്ത്ഫണ്ടിൽ വരവു വന്നിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ പഞ്ചായത്തിന്ന അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയ വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, പഞ്ചായത്തിന്റെ അക്കൗണ്ട് വിവരങ്ങൾ സഹിതം എക്സിക്യൂട്ടീവ് എഞ്ചിനിയറോട് അപേക്ഷിച്ച്, ലഭ്യമാക്കി വിവരം അറിയിക്കാമെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി തന്നിട്ടുണ്ട്. ആയത്

ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-11 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു ലഭിച്ചിട്ടില്ല.

പ്രൊജക്ട് നം. 35/17 : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ.

| ബിൽ നം. | തുക | ഹോംകോയുടെ രസീതി നം. |
|---|---|---|
| ബിൽ നം.1/2016-17/23-1-17 | 1,76,231 | 2653/27-2-17 |
| ചെക്ക് നം. 241205/7-2-17 | 23,769 | 2717/10-3-17 |
| *ആകെ* | *2,00,000* | |

1. ഈ പ്രൊജക്ട് പ്രകാരം HOMCOയിൽ നിന്നും മരുന്നു വാങ്ങുന്നതിനായി 2,00,000രൂപ മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്തും ടി തുകയ്ക്കുള്ള മരുന്നുകൾ ഒന്നും ലഭിച്ചിട്ടില്ല.

മരുന്നുകൾ ഗഡുക്കളായിട്ട് ലഭിക്കുന്നതിനാൽ, ആകെ നല്കിയ മുൻകൂർ, ഇൻവോയ്സ് പ്രകാരം ക്രമീകരിച്ചത്, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ഇൻവോയ്സുകളുടെ ഓഫീസ് കോപ്പിയിൽ രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതും, മരുന്നുകൾ മുഴുനായി ലഭിച്ച വിവരം പഞ്ചായത്തിനെയും ഓഡിറ്റിനെയും അറിയിക്കേണ്ടതുമാണ്.

പ്രതിമാസ വിനിയോഗ സാക്ഷ്യപത്രത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

മുൻകൂർ ക്രമീകരിച്ച വിവരം അറിയിക്കുന്നതു വരെ 2,00,000 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

(അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ, മരുന്നു ലഭ്യമായാലുടനെ അറിയിക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ട്.)

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | എടവ്ണ്ണ കുടിവെള്ള പദ്ധതി | - | 3600000 | 0 | 3600000 |
| കെ.എസ്.ഇ.ബി | ചെമ്പക്കുത്ത് ലൈൻ വലിക്കൽ | - | 89100 | 0 | 89100 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ 2016-17 വർഷത്തിൽ ലഭിച്ച 10624 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 2-1 | 1039 | ജോർജ്ജ്.ഒ.ജെ, ക്ലർക്ക് | 11603105495 / 21.10.2016 |
| 2015-16 | 3-5 | 9585 | സജീഷ്.സി, അസി.എഞ്ചിനീയർ | 11603104329 / 08.09.2016 |
| ആകെ | | 10624 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| -- | -- | 2012-13 | 1 | ലഘു അവലോകനം - ഫ്രണ്ട് ഓഫീസ് പ്രവർത്തനം | -- |
| | | | 2 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് - ആരോഗ്യമേഖല | -- |
| 2011-12 | -- | 2014-15 | 3(1) | നിഷ്ക്രിയാസ്തികൾ - | -- |

| | | | | | |
|---|---|---|---|---|---|
| | | | | അവലോകനം | |
| 2011-12 | -- | 2014-15 | 3(2) | മണൽ വാരൽ - അവലോകനം | -- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70943477 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,17,98,018 |
| വരവിനങ്ങളിലുള്ള നഷ്ടം | 4,476 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 51,86,341 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 4476 | | ശ്രീ.ഫാസിൽ ഷാ.ഐ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 79,724 | ഡോ.ശുഭ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 3-4 | 1,00,000 | ഡോ.മൻസൂർ അലി,മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) |
| 3-5 | 2,00,000 | ഡോ.മൻസൂർ അലി,മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) |
| 3-6 | 30,00,000 | ഡോ.മൻസൂർ അലി,മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) |
| 3-9 | 16,06,617 | ശ്രീ.സജിഷ്.സി, അസി.എഞ്ചിനീയർ-803308.50<br>ശ്രീ. ഫാസിൽഷാ.ഐ., സെക്രട്ടറി-803308.50 |
| 3-11 | 2,00,000 | ഡോ.ജുമീലത്ത്.പി.എസ്, മെഡിക്കൽ ഓഫീസർ, (ഹോമിയോ) |
| ആകെ | 51,86,341 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.ഫാസിൽ ഷാ.ഐ, സെക്രട്ടറി | സെക്രട്ടറി,എടവണ്ണ ഗ്രാമപഞ്ചായത്ത് | ടി.സി 20/1543(1), എഫ്.എസ് കോട്ടേജ്, ശാസ്ത്രി നഗർ വെസ്റ്റ് -41, കരമന.പി.ഒ, പിൻ. 695 002, തിരുവനന്തപുരം. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| | | |
|---|---|---|
| 1994-95<br>1995-96 | എൽ.എഫ്.എം.15/615/99 തി.15.09.2010 | 5 |
| 1996-97 | എൽ.എഫ്.എം.15/615/99 തി.15.09.2010 | 3 |
| 1997-98 | എൽ.എഫ്.എം.15/1124/02 തി.15.09.2010 | 17 |
| 1998-99 | എൽ.എഫ്.എം.15/1376/02 തി.15.09.2010 | 15 |
| 1999-00 | എൽ.എഫ്.എം.15/257/03 തി.15.09.2010 | 11 |
| 2000-01 | എൽ.എഫ്.എം.15/1650/03 തി.15.09.2010 | 10 |
| 2001-02 | എൽ.എഫ്.എം.6/1651/03 തി.15.09.2010 | 27 |
| 2002-03 | എൽ.എഫ്.എം.6/284/08 തി.15.09.2010 | 3 |
| 2003-04 | എൽ.എഫ്.എം.6/285/08 തി.15.09.2010 | 9 |
| 2004-05 | എൽ.എഫ്.എം.6/1740/08 തി.15.09.2010 | 22 |
| 2005-06 | എൽ.എഫ്.എം.6/1840/09 തി.26.12.2011 | 27 |
| 2006-07 | എൽ.എഫ്.എം.8/652/11 തി.05.01.2012 | 13 |
| 2007-08 | എൽ.എഫ്.എം.8/1660/11 തി.26.12.2011 | 5 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.എം.5/2129/12 തി.24.09.2012 | 25 |
| 2011-12 | എൽ.എഫ്.എം.5/3564/14 തി.18.04.2016 | 9 |
| 2012-13<br>2013-14 | കെ.എസ്.എ.എം.പി.എം.5/1408/15 തി.16.08.2016 | 11 |
| 2014-15 | കെ.എസ്.എ.എം.പി.എം.5/732/16 തി.21.04.16 | 14 |
| 2015-16 | കെ.എസ്.എ.എം.പി.എം.5/2423/16 തി.03.10.16 | 22 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

# AUDIT CERTIFICATE

KSA-MPM.5/1773/2017

Kerala State Audit Department

District Audit Office, Malappuram

PIN- 676 505 Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated 07-08-2017

CERTIFICATE

Certified that I have examined the Annual Financial Statement of Edavanna Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Edavanna Grama Panchayat for the year 2016-17 except the observations in my audit report properly present the picture of income and expenditure.

DEPUTY DIRECTOR

MALAPPURAM.

mac.8/17

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കെ.എസ്.എ-എം.പി.എം.5/1773/17..

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം
പിൻ- 676 505 ഫോൺ: 0483 2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി .07-08-2016

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

എം.എ.8/17